**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 299** **14-07-2022 - ൽ മറുപടിയ്ക്ക്**

**പച്ചക്കറി കൃഷിയിൽ കീടനാശിനികളുടെ ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ കെ എം അഷ്‌റഫ്,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പൊതുവിപണിയിൽ വിൽപന നടത്തുന്ന പച്ചക്കറികളിൽ അനുവദനീയ പരിധിക്ക് മുകളിൽ കീടനാശിനി അംശം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ജൈവ പച്ചക്കറികൾ എന്ന ലേബലിൽ വിപണനം നടത്തുന്ന പച്ചക്കറികളിലും കീടനാശിനി അംശം ഉള്ളതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പച്ചക്കറി കൃഷിയിൽ കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാന കൃഷി വകുപ്പ് കേരളത്തിലെ പൊതു വിപണികൾ, കൃഷിയിടങ്ങൾ, ഇക്കോഷോപ്പ്, ജൈവ വിപണി എന്നിവിടങ്ങളിലെ പച്ചക്കറി/ പഴവർഗ്ഗങ്ങളിൽ അടങ്ങിയിരിക്കുന്ന കീടനാശിനികളുടെ അളവ് പരിശോധിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി "സേഫ് ടു ഈറ്റ്" എന്ന ഘടക പ്രകാരം കേരള കാർഷിക സർവ്വകലാശാല കീടനാശിനി അവശിഷ്ട പരിശോധന നടത്തി വരുന്നു. ഇതിലേയ്ക്കായി 2022-23 സാമ്പത്തിക വർഷം 20 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. കേരള കാർഷിക സർവ്വകലാശാല നടത്തുന്ന പരിശോധന ഫലം കേരളസർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലായ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പത്ര മാധ്യമങ്ങളിലും പ്രസിദ്ധീകരിക്കുന്നുണ്ട്.<br><br>ഇതുവഴി മാരകമായ കീടനാശിനി കളെയും അവയുണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങളെയും സംബന്ധിച്ച് പൊതു ജനങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനും കീടനാശിനി |

ഉപയോഗം കുറയ്ക്കുന്നതിന് കർഷകരെ പ്രേരിപ്പിക്കുന്നതിനും ഒരു പരിധി വരെ സഹായമാവുന്നു. ഇത് സുരക്ഷിത പച്ചക്കറിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായമാകുകയും അന്യസംസ്ഥാനത്തു നിന്നും എത്തുന്ന പച്ചക്കറിയുടെ ഉപയോഗം ഒരു പരിധി വരെ കുറയ്ക്കുന്നതിനും സഹായിക്കുന്നു. പച്ചക്കറികളിലെ കീടനാശിനികളിലെ ഉപയോഗം കുറയ്ക്കുന്നതിനായി സംയോജിത സസ്യ ജൈവ സംരക്ഷണത്തേക്കുറിച്ചുള്ള അറിവുകൾ കാർഷിക സർവ്വകലാശാല കർഷകരിലേയ്ക്ക് പരിശീലന പരിപാടികളിലൂടെയും മറ്റും പകർന്നു കൊടുക്കുന്നുണ്ട്. ഇത്തരത്തിലുള്ള ബോധവല്ക്കരണം/പരിശീലനം നടത്തുന്നതിന്റെ ഫലമായി കർഷകരിൽ നിന്നും നേരിട്ട് ശേഖരിച്ച പച്ചക്കറികളിലും (18.18%) ഇക്കോഷോപ്പുകളിലെ പച്ചക്കറികളിലും (15.79%) എടുത്തിട്ടുള്ള സാമ്പിളുകളിൽ പൊതു വിപണിയുമായി (47.62%) താരതമ്യം ചെയ്യുമ്പോൾ കീടനാശിനി സാന്നിദ്ധ്യം കുറവുള്ളതായിട്ടാണ് കണ്ടെത്തിയിട്ടുള്ളത്.

പച്ചക്കറി കൃഷിയിൽ കീടനാശിനി ഉപയോഗം കുറയ്ക്കുന്നതിനായി വിവിധ ജൈവ കീടനാശിനികൾ കാർഷിക സർവ്വകലാശാല കണ്ടെത്തുകയും അവ കർഷകർക്കായി ശുപാർശ ചെയ്തിട്ടുമുണ്ട്. ഇവ കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ കർഷകർക്കായി ലഭ്യമാക്കുന്നുമുണ്ട്. അത് പോലെ തന്നെ ജൈവ പച്ചക്കറി കൃഷിയിൽ കർഷകർക്കും കൃഷി ഉദ്യോഗസ്ഥർക്കുമായി പരിശീലനപരിപാടികളും സംഘടിപ്പിച്ചുവരുന്നു.

കീടനാശിനികളുടെ വിതരണവും വിൽപ്പനയും ഉപയോഗവും ഗുണനിലവാരവും നിയന്ത്രിക്കുന്നതിന് കീടനാശിനി ഡീലർമാർക്കും കീടനാശിനി കൃത്യ അളവിൽ ഉപയോഗിക്കുന്നതിനും ജൈവ കീടനാശിനികളുടെ ഉൽപ്പാദനം വർധിപ്പിക്കൽ, സംയോജിത കീട നിയന്ത്രണം രാസകീടനാശിനികളുടെ ശാസ്ത്രീയ ഉപയോഗം, മാരക വിഷാംശമുള്ള കീടനാശിനികൾക്കു പകരം വിഷാംശം കുറവുള്ള പുതുതലമുറ കീടനാശിനികളുടെ പ്രോത്സാഹനം എന്നിവ ലക്ഷ്യമിട്ടു സംസ്ഥാനമൊട്ടാകെ 166 ബോധ വൽക്കരണ കാമ്പയിനുകൾ കർഷകർക്ക് നൽകുന്നതിന് നടപ്പു സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിട്ടിരിക്കുന്നു.

" ഞങ്ങളും കൃഷിയിലേയ്ക്ക് " എന്ന പദ്ധതിയുടെ ഭാഗമായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ

ഉൾപ്പെടുത്തി ഓണത്തിന് വിഷരഹിതമായ പച്ചക്കറികൾ വീട്ടുവളപ്പിൽ നിന്നും തന്നെ ലഭ്യമാക്കുവാനും അതുവഴി അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പച്ചക്കറികളുടെ ഉപയോഗം ഒരു പരിധിവരെ കുറയ്ക്കുവാനും ഉദ്ദേശിച്ച് ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയുടെ പ്രോത്സാഹനത്തിനായി ദീർഘകാല പച്ചക്കറി വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ തൈകൾ സൗജന്യമായി കർഷകർക്ക് നൽകി വരുന്നു. ഇത്തരത്തിൽ പരമ്പരാഗത ഇനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിലൂടെ കീടനാശിനി ഉപയോഗം പരമാവധി കുറയ്ക്കുന്നതിന് സാധ്യമാകുന്നു. സ്ഥല പരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി ലംബകൃഷി (വെർട്ടിക്കൽ ഫാമിംഗ്), ഹൈഡ്രോപോണിക്സ് കൃഷി, തുടങ്ങിയ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും വിട്ടുവളപ്പിലെ വിഷരഹിത പച്ചക്കറികൾ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിക്കുന്നു.

ഓരോ കേരളീയ ഭവനവും വിഷരഹിത ഭക്ഷണ ഉൽപ്പാദനത്തിൽ പങ്കാളികളാകുക, സ്ഥായിയായ കാർഷിക മേഖല സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 'ഞങ്ങളും കൃഷിയിലേക്ക്' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൻ കീഴിൽ ഉണ്ടാക്കുന്ന ' കൃഷിക്കൂട്ടങ്ങളിലൂടെ '' സുരക്ഷിത പച്ചക്കറി കൃഷി ചെയ്ത് ജനങ്ങളിൽ എത്തിക്കുവാനും ഉദ്ദേശിയ്ക്കുന്നു .

കേന്ദ്രാവിഷ്കൃത പദ്ധതികളായ പരമ്പരാഗത കൃഷി വികാസ് യോജന പ്രകാരം 5 ക്ലസ്റ്ററുകളും, ഭാരതീയ പ്രകൃതി കൃഷി പദ്ധതി (സുഭിക്ഷം സുരക്ഷിതം) പ്രകാരം 164 ക്ലസ്റ്ററുകളും പൂർണ്ണമായും രാസകീടനാശിനികളുടെ ഉപയോഗം ഒഴിവാക്കി ജൈവ കീടനാശിനികൾ ഉപയോഗിക്കുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നു. പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയിൽ ക്ലസ്റ്ററിൽ അംഗമാകുന്ന കർഷകർക്ക് ജൈവ ഉല്പാദനോപാധികൾ നിർമ്മിക്കുന്നതിന് ധനസഹായവും നൽകുന്നു. കൂടാതെ സുഭിക്ഷം സുരക്ഷിതം - ഭാരതീയ പ്രകൃതി കൃഷി പദ്ധതി പദ്ധതിയിൻ കീഴിൽ ഫാർമർ ഇൻട്രസ്റ്റ് ഗ്രൂപ്പുകൾ (എഫ്.ഐ.ജി.) വഴി ജൈവ ഉല്പാദനോപാധികൾ ഉല്പാദിപ്പിച്ച് ക്ലസ്റ്ററിലെ മറ്റ് കർഷകർക്ക് സൗജന്യമായി നൽകുന്നതിന് ഒരു കൃഷിഭവന്റെ

| | | | |
|---|---|---|---|
| | | | കീഴിൽ ഒരു ഫാർമർ ഇൻടസ്റ്റ് ഗ്രൂപ്പ് എന്ന കണക്കിൽ പ്രവർത്തിക്കുന്നു.<br><br>കൂടാതെ 2022-23 നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്ത് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും എന്ന പദ്ധതി നടപ്പിലാക്കുന്നു. പ്രസ്തുത പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷത്തിൽ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുകയും മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനും പയറുവർഗ്ഗത്തിൽപ്പെട്ട പച്ചിലവളങ്ങൾ കൃഷി ചെയ്യുന്നതിനും ജൈവ ഉല്പന്നങ്ങൾ വില്പന നടത്തുന്നതിനും ഹൈടെക്ക് ഓർഗാനിക് സൂപ്പർ മാർക്കറ്റുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനുമായി വിവിധ ഘടകങ്ങളിൽ ഉൾപ്പെടുത്തി 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ